## അഭിമുഖം

# മദ്യം നാടിന്റെ മുക്കുമൂലകൾ നക്കിത്തുടക്കുമ്പോൾ എന്തു നവകേരളം!



ഡോ. കെ.കെ രാഹുലൻ / കെ.കെ ഷാജഹാൻ

**കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റാണ് ഡോ. കെ.കെ രാഹുലൻ. എസ്.എൻ.ഡി.പി യോഗം, കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവയുടെ മുൻ സംസ്ഥാന പ്രസിഡന്റാണ്. തൃശൂർ സ്വദേശി.**

***എന്തുകൊണ്ടാണ് കേരളത്തിൽ മദ്യപാനം അമ്പരപ്പിക്കുന്നവിധം വർധിക്കുന്നത്?***

ഏതു തിന്മയും നിയന്ത്രിക്കപ്പെടണമെങ്കിൽ അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ കുറച്ചുകൊണ്ടുവരണം. ഭരണകൂടത്തിന്റെ ജാഗ്രത ഇക്കാര്യത്തിൽ പ്രധാനമാണ്. മദ്യത്തിന്റെ ലഭ്യത വർധിച്ചതാണ് മദ്യപാനം ഇത്ര വ്യാപകമാകാൻ കാരണം. കേരളത്തിൽ 12000 ഗ്രാമങ്ങളാണുള്ളത്. ഓരോ ഗ്രാമത്തിലും ഷാപ്പുകൾ എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങി. ഒടുവിൽ നിരോധിക്കപ്പെട്ട സ്ഥലത്തേക്ക് വരെ ഷാപ്പുകളെത്തി. ഹരിജൻ കോളനികൾ, ആരാധനാലയങ്ങൾ, സ്കൂളുകൾ ഇവയുടെ 300 മീറ്റർ അകലത്തിൽ ഷാപ്പുകൾ പാടില്ല എന്നത് ബ്രിട്ടീഷുകാരുടെ കാലത്തോളം പഴക്കമുള്ള അബ്കാരി നിയമമാണ്. എന്നിട്ടും എത്രയോ ഷാപ്പുകൾ ഇപ്പോഴും ഇവയുടെ സമീപത്ത് പ്രവർത്തിച്ചുവരുന്നു. തൃശൂർ ജില്ലയിലെ ഒല്ലൂരിൽ സ്കൂൾ കവാടത്തിന്റെ തൊട്ടരികിലാണ് ഷാപ്പ്. മദ്യത്തിന്റെ ഒഴുക്ക് നിർത്തണമെന്ന് സർക്കാറിന് ആത്മാർഥമായ ആഗ്രഹമുണ്ടെങ്കിൽ അതിന്റെ ലഭ്യത കുറക്കുകയാണ് വേണ്ടത്.

***യുവാക്കളിൽ മദ്യാസക്തി വർധിക്കാനുണ്ടായ സാഹചര്യങ്ങൾ എന്താണ്?***

ചെറുപ്പക്കാർ ആഘോഷത്തിമർപ്പിലാണ്. ജീവിതത്തിന്റെ എല്ലാ സന്ദർഭങ്ങളും ആഘോഷമാക്കി മാറ്റാനാണ് അവർ പ്രേരിപ്പിക്കപ്പെടുന്നത്. ഉപഭോഗ സംസ്കാരം ഈ ചിന്തയെ ആളിക്കത്തിക്കുന്നു. കേരളീയർ പൊതുവിലും യുവാക്കൾ പ്രത്യേകിച്ചും അച്ചടക്കത്തിൽനിന്നും ദൈവികതയിൽനിന്നും തെന്നിമാറി എത്തിച്ചേർന്നത് മദ്യത്തിന്റെ തുരുത്തിലാണ്. ഇത് അവരിൽ അരാഷ്ട്രീയതയും സാമൂഹിക വിരുദ്ധതയും ആക്രമണോത്സുകതയും പെരുപ്പിച്ചു. കേരളത്തിൽ നവോത്ഥാനമോ സാമൂഹിക മുന്നേറ്റമോ സാധ്യമാവണമെങ്കിൽ യുവാക്കളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലോകത്തുനിന്ന് മോചിപ്പിച്ച് കൊണ്ടുവരണം. ഇല്ലെങ്കിൽ നവകേരളത്തെക്കുറിച്ചും കേരള രക്ഷയെക്കുറിച്ചുമുള്ള വാക്കുകൾ അലങ്കാരങ്ങൾ മാത്രമാകും. മദ്യം നാടിന്റെ മുക്കുമൂലകൾ നക്കിത്തുടച്ച് മുന്നേറുമ്പോൾ നവകേരളത്തെക്കുറിച്ച് സംസാരിക്കുന്നതിൽ എന്തു കാര്യം?

***കേരളത്തിന്റെ സാമൂഹിക മണ്ഡലങ്ങളിൽ മദ്യമുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്?***

കണ്ണുള്ളവർക്കെല്ലാം കാണാവുന്നതും കാതുള്ളവർക്കെല്ലാം കേൾക്കാവുന്നതുമായ വിധം വളരെ പ്രകടമാണതിന്റെ പ്രത്യാഘാതങ്ങൾ. ഒരുപാട് രോഗങ്ങൾക്കത് കാരണമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗികളുള്ളത് മുംബൈ കഴിഞ്ഞാൽ കേരളത്തിലാണ്. രോഗപ്രതിരോധശേഷി നശിപ്പിക്കുന്നതാണല്ലോ ഈ രോഗത്തിന്റെ സ്വഭാവം.

കേരളത്തിന്റെ രോഗപ്രതിരോധശേഷി വളരെ ദുർബലമാണ് എന്നതിന്റെ തെളിവാണ് ചിക്കുൻ ഗുനിയ പിടിച്ച് ആളുകൾ മരിച്ചത്. പേടിക്കേണ്ട ഒരു രോഗമല്ല ചിക്കുൻ ഗുനിയ. പക്ഷേ കേരളത്തിൽ അത് ആപത്ത് വിതച്ചു. പ്രതിരോധശേഷി നശിപ്പിച്ചതിൽ മദ്യം തന്നെയാണ് മുന്നിൽ.

കരൾ നശിപ്പിക്കുന്നതിലും മദ്യം ഒന്നാമനാണ്. കേരളം കരൾരോഗികളുടെ തലസ്ഥാനം എന്ന അവസ്ഥയിലേക്ക് നീങ്ങുന്നു. ഈയിടെ ഒരു അമേരിക്കൻ ഡോക്ടർ ഇന്ത്യയിൽ നടത്തിയ പഠനത്തിൽ 10 ലക്ഷം കരൾ രോഗികൾ ഇവിടെയുണ്ടെന്നാണ് കണ്ടെത്തിയത്. ഓരോ അഞ്ച് കുടിയന്മാരിലും ഒരാൾ കരൾ രോഗിയായിരിക്കും.

**സ്വന്തം കുഞ്ഞിനെ മദ്യലഹരിയിൽ കിണറ്റിലെറിഞ്ഞു കൊല്ലാനും രണ്ടു വയസ്സുകാരിയെ മാനഭംഗപ്പെടുത്താനും അച്ഛനെയും അമ്മയെയും കുത്തിക്കീറിക്കൊല്ലാനും ഭാര്യയെയും പെങ്ങളെയും കഴുത്തറുക്കാനും അതവനെ പ്രേരിപ്പിച്ചതിന്റെ എത്രയോ സംഭവങ്ങളുണ്ടായി. ഒരു ജനത ലഹരിമൂലം നശിച്ച് തീരുന്നതിന് മുമ്പ് മനുഷ്യസ്നേഹികൾ രംഗത്തു വരണം. മദ്യത്തിനെതിരെയുള്ള മുന്നേറ്റത്തിൽ നാം കണ്ണികളായേ മതിയാകൂ.**

പാനികളുടെ കുട്ടികൾ പേറേണ്ടിവരുന്ന രോഗങ്ങളും ദുരിതങ്ങളും മർദനങ്ങളും.

ഖുർആനിൽ 'സ്ത്രീകൾ' എന്ന അധ്യായത്തിൽ ഒരു സൂക്തമുണ്ട്. 'ദുർബലരായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നിങ്ങളെന്തുകൊണ്ട് പടപൊരുതുന്നില്ല' എന്ന് അതിൽ ചോദിക്കുന്നു. അഭയം യാചിക്കുന്ന ദുർബലരുടെ ശബ്ദം നാം കേൾക്കേണ്ടതാണ്. ആരുടെ മനസ്സിലും അനുതാപമുണ്ടാക്കുന്ന ദയനീയ രംഗമാണ് ഈ സൂക്തം നമ്മുടെ മുമ്പിൽ ചിത്രീകരിക്കുന്നത്. മദ്യപാനികൾ വാഴുന്ന കുടുംബത്തിൽനിന്നും അവരുടെ ആക്രമണങ്ങളിൽനിന്നും രക്ഷ ചോദിക്കുന്ന ഈ ശബ്ദം നാം കേൾക്കണം. ഞങ്ങളിലാരും കുടിക്കുന്നില്ലെന്ന് പറഞ്ഞ് നിങ്ങൾക്കതിൽനിന്നും ഒഴിഞ്ഞുമാറാനാവില്ല.

റോഡപകടങ്ങൾ നോക്കൂ. എത്രയോ പേർ മരിച്ചു. വികലാംഗരായി. കഴിഞ്ഞ കൊല്ലം 4200 ആളുകളാണ് റോഡപകടത്തിൽ മരിച്ചത്. ദിവസം 10 മുതൽ 12 വരെ ആളുകൾ മരിക്കുന്നു. റോഡപകടങ്ങൾ പരിശോധിച്ചപ്പോൾ കണ്ടത് 30 ശതമാനവും മദ്യ-മയക്കുമരുന്ന് കേസുകൾ. ആത്മഹത്യയിലും കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണ്. ദിവസം 26 പേർ എന്ന കണക്കിന് കേരളം പ്രമേഹ രോഗികളുടെ കോളനിയാണ്. പ്രമേഹ രോഗികൾ വർധിക്കുന്നതിന്റെ ഒരു കാരണം മദ്യം തന്നെ. ഹൈപർ ടെൻഷൻ, മാനസികരോഗങ്ങൾ, ആമാശയത്തിലെ കാൻസർ, തൊണ്ടയിലെ കാൻസർ എന്നിവ കേരളത്തിൽ വർധിക്കുന്നതിലും മദ്യം പ്രധാന പങ്ക് വഹിക്കുന്നതായി ഒരു ഡോക്ടറെന്ന നിലയിൽ എനിക്ക് ഉറപ്പിച്ച് പറയാനാകും.

### *കേരളീയ സ്ത്രീകളുടെ ദുരിതത്തിൽ മദ്യത്തിനുള്ള പങ്ക്?*

ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു എന്ന ഗതികേടിലാണ് കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ. ദാരിദ്ര്യം, രോഗങ്ങൾ, വിലക്കയറ്റം എന്നിവകൊണ്ട് പൊറുതിമുട്ടിക്കഴിയുന്നതിനിടയിൽ ഭർത്താവിന്റെയോ മകന്റെയോ സഹോദരന്റെയോ മദ്യപാനംമൂലം ധർമസങ്കടത്തിലായ ആയിരക്കണക്കിന് കുടുംബങ്ങളാണ് കേരളത്തിലുള്ളത്. ചുറുചുറുക്കോടുകൂടി രാവിലെ ഇറങ്ങിപ്പോകുന്ന ഭർത്താവ്, കലങ്ങിയ കണ്ണുകളും കരുവാളിച്ച മുഖവും ബാലൻസ് തെറ്റിയ ബോധവും ശരീരവുമായി വീട്ടിൽ കയറിവരുന്നത് കാണുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ വിവരണാതീതമാണ്. മദ്യപിച്ച് മതിമറന്ന് തെരുവിൽ വിവസ്ത്രനായി കാണികൾക്കെല്ലാം പരിഹാസപാത്രമായി വീണുകിടക്കുന്ന ഭർത്താവിനെ കാണേണ്ടിവരുന്ന സ്ത്രീയുടെ ധർമസങ്കടം ആരോട് പറയും?

മദ്യപാനി അറിയാതെ മദ്യപാനം നിർത്താം എന്ന പരസ്യം സ്ത്രീകൾ കാര്യമായി ശ്രദ്ധിക്കുന്നുണ്ട്. പല സ്ത്രീകളും ചായയിലും മറ്റു പാനീയങ്ങളിലും ഇത് കലർത്തി മദ്യപാനികൾക്ക് കൊടുക്കുന്നു. ഗതിമുട്ടിയിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. തൃശൂർ ജില്ലയിൽ ഇതിന്റെ ഒരു ദുരനുഭവമുണ്ടായി. മദ്യപാനി അറിയാതെ ഭാര്യ പാനീയത്തിൽ കൂടിയ അളവിൽ മരുന്ന് കൊടുത്തതു കാരണം ഭർത്താവിന്റെ മുഖം ഒരു വശത്തേക്ക് ചരിഞ്ഞുപോയി. ഇടതുവശത്തേക്ക് മുഖം ചരിഞ്ഞുപോയ അയാൾ നടന്നുപോകുന്നത് കാണുമ്പോൾ നമുക്ക് സഹതാപം തോന്നും. ഇതുപോലെ തന്നെ പ്രധാനമാണ് മദ്യ

### മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് മുസ്‌ലിം സമൂഹത്തിൽ മദ്യപാനികൾ കുറവായിരിക്കുന്നത് എന്തുകൊണ്ടാണ്?

ദൈവിക ചിന്തയും കുടുംബാംഗങ്ങളിൽ നിന്നുള്ള ശിക്ഷണവുമാകാം കാരണം. എന്നാൽ ഈ അവസ്ഥക്ക് ഇപ്പോൾ മാറ്റം കാണുന്നുണ്ട്. മുമ്പ് അട്ടപ്പാടിയിലും ഇടുക്കിയിലുമായിരുന്നു മയക്കുമരുന്നിന്റെ ഉപയോഗം. ഇപ്പോൾ മലപ്പുറം ജില്ലയിലും കൂടുതലായി കാണുന്നുണ്ട്. മദ്യപാനത്തിലും വർധനവ് കാണുന്നത് സമുദായ നേതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. മറ്റു സമൂഹത്തേക്കാൾ കുറവല്ലോ എന്ന മേനിപറഞ്ഞിരുന്ന് ഈ വിപത്ത് കാണാതിരുന്നാൽ കാലിനടിയിലെ മണ്ണ് പോകാൻ അധികനാൾ വേണ്ടിവരില്ല.

### മദ്യത്തിന്റെ കാര്യത്തിൽ ഇപ്പോഴത്തെ സർക്കാറിന്റെ നിലപാടെന്താണ്?

മാറിമാറി വരുന്ന സർക്കാറുകൾ ഇക്കാര്യത്തിൽ ഏതാണ്ട് ഒരുപോലെയാണെങ്കിലും എൽ.ഡി.എഫ് സർക്കാർ മദ്യത്തിന് പ്രോത്സാഹനം നൽകുന്ന നിലപാടാണ് എടുക്കുന്നത്. അവർ പ്രകടനപത്രികയിൽ പറഞ്ഞതിന് എതിരാണിത്. വോട്ടു നേടാൻ പ്രകടന പത്രികയിൽ അവർ നാല് കാര്യങ്ങൾ പറഞ്ഞു. ഉദയഭാനു കമീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും മദ്യനയം, ചാരായ നിരോധം ശക്തമായി നടപ്പിലാക്കും, വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയും, മദ്യത്തിനും മയക്കുമരുന്നിനും എതിരായി ബോധവത്കരണം നടത്തും. എന്നിട്ട് ഇപ്പറഞ്ഞതിനെല്ലാം വിപരീതമായി ഉദാരമായ മദ്യനയം നടപ്പിലാക്കുന്നു. ഐ.ജി ഋഷിരാജ് സിംഗ് തന്റേടത്തോടുകൂടി വ്യാജമദ്യ ലോബിയെ നേരിട്ടു. തിരുവിതാംകൂറിലെ അബ്കാരികൾ കോപിച്ചു. അദ്ദേഹത്തെ ഉടനെ മാറ്റി. ആത്മാർഥതയുണ്ടെങ്കിൽ അദ്ദേഹത്തെ നിലനിർത്തുകയായിരുന്നു വേണ്ടത്.

ഘട്ടം ഘട്ടമായി മദ്യം കുറച്ചുകൊണ്ടുവരണമെന്നായിരുന്നു ഉദയഭാനു കമീഷൻ റിപ്പോർട്ട്. അതിനു പകരം ഘട്ടം ഘട്ടമായി കൂട്ടിക്കൊണ്ടുവന്നു. യു.ഡി.എഫിന്റെ ഭരണകാലത്ത് 4000 ഷാപ്പുകളുണ്ടായിരുന്നപ്പോൾ എൽ.ഡി.എഫിന്റെ കാലത്ത് 8000 ആയി വർധിച്ചു (കള്ള്ഷാപ്പ് 4000ൽനിന്ന് 6000വും വിദേശമദ്യഷാപ്പ് 2000വും വർധിച്ചു). 147 പുതിയ ബാറുകൾ അനുവദിച്ചു. മാത്രമല്ല ഔട്ട്ലറ്റുകൾ അഥവാ കൊച്ചു വിൽപന കേന്ദ്ര

ങ്ങൾ 400 എണ്ണം വേറെ. വ്യാജമദ്യം കുറക്കുമെന്ന് പറഞ്ഞിട്ട് ഏറ്റവും കൂടുതൽ വ്യാജമദ്യം ഒഴുകുന്ന നാടാക്കി കേരളത്തെ മാറ്റി.

മദ്യം നിരോധിക്കുകയല്ല, ബോധവത്കരണമാണ് വേണ്ടത് എന്നു പറഞ്ഞവർ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? സ്കൂളുകളിലും കോളേജുകളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന സ്ഥലങ്ങളിലും എന്ത് ബോധവത്കരണമാണ് നടക്കുന്നത്? വേണ്ടരീതിയിൽ ബോധവത്കരണം നടക്കുകയും ജനം ക്രമേണ മദ്യത്തിൽനിന്ന് പിന്മാറുകയും ചെയ്താൽ പണം നൽകുന്ന മദ്യമുതലാളിമാർ പിന്മാറിക്കളയും എന്ന ബോധവത്കരണമാണ് പാർട്ടികൾക്കുള്ളിൽ നടക്കുന്നത്. യു.ഡി.എഫ് സർക്കാറിന്റെ ഭരണകാലത്ത് 50 ലക്ഷം രൂപ ബോധവത്കരണത്തിന് വേണ്ടി മാറ്റിവെച്ചപ്പോൾ ഈ സർക്കാർ നയാപൈസ മാറ്റിവെക്കാതെയാണ് ബോധവത്കരണം എന്നു പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നത്. മദ്യം ആഹാരത്തിന്റെ ഭാഗമാണെന്ന് പറയാൻ വരെ ചില നേതാക്കൾ ധൈര്യംകാട്ടിയത് നാം കണ്ടല്ലോ?

**കേരളത്തിൽ നവോത്ഥാനമോ സാമൂഹിക മുന്നേറ്റമോ സാധ്യമാവണമെങ്കിൽ യുവാക്കളെ മദ്യത്തിന്റെയും മയക്കുമരുന്നതിന്റെയും ലോകത്തുനിന്ന് മോചിപ്പിച്ച് കൊണ്ടുവരണം. ഇല്ലെങ്കിൽ നവകേരളത്തെക്കുറിച്ചും കേരള രക്ഷയെക്കുറിച്ചുമുള്ള വാക്കുകൾ അലങ്കാരങ്ങൾ മാത്രമാകും. മദ്യം നാടിന്റെ മുക്കുമൂലകൾ നക്കിത്തുടച്ച് മുന്നേറുമ്പോൾ നവകേരളത്തെക്കുറിച്ച് സംസാരിക്കുന്നതിൽ എന്തു കാര്യം?**

### *കേരളത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ പരാജയപ്പെടുകയാണോ?*

മദ്യവിരുദ്ധ ആശയങ്ങൾ ജനകീയമായിട്ടില്ല. ജനങ്ങളും ഉദ്യോഗസ്ഥരും ഗവൺമെന്റും ഒത്തൊരുമയോടെ പ്രയത്നിച്ചാലേ ഇത് വിജയത്തിലെത്തൂ. അതിന് ജനകീയ കൂട്ടായ്മകൾ ഉയർന്നുവരണം. അതിനുള്ള എല്ലാ സാഹചര്യങ്ങളും കേരളത്തിൽ ഒത്തുവരുന്നുണ്ട്. തീർച്ചയായും തുരങ്കത്തിന്റെ അപ്പുറം വെളിച്ചമുണ്ട്. ലഹരിരഹിത കേരളം വരും. ജനപക്ഷമുന്നേറ്റത്തോടെ അത് സാധ്യമാക്കാനായി നാം അരയും തലയും മുറുക്കണം.

### *മദ്യം നിയന്ത്രിക്കുന്നതിൽ പ്രാദേശിക ഭരണകൂടങ്ങളുടെ പങ്കെന്താണ്?*

പ്രസക്തമായ ചോദ്യമാണിത്. പ്രാദേശിക ഭരണകൂടങ്ങൾക്കതിന് അധികാരമുണ്ടായിരുന്നുവെന്ന് എത്ര പേർക്കറിയാം?

പഞ്ചായത്ത് നഗരപാലിക ബില്ല് 232/447 വകുപ്പ് പ്രകാരം പ്രാദേശിക ഭരണകൂടങ്ങൾക്ക് ഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കാൻ അധികാരമുണ്ടായിരുന്നു. ജനങ്ങളുടെ സമ്മതത്തോടെയാകണം ഷാപ്പുകൾ നടത്തേണ്ടത് എന്നതാണതിന്റെ മർമം.

ഇപ്രകാരം 52 ഷാപ്പുകൾ പ്രാദേശിക ഭരണകൂടം അടച്ചുപൂട്ടി. മദ്യപ്രമാണിമാർ ഗവൺമെന്റിൽ സമ്മർദം ചെലുത്തിയപ്പോൾ നായനാർ ആ വകുപ്പുകൾ എടുത്തുമാറ്റി. മലപ്പുറം ജില്ലാ പഞ്ചായത്ത് ഈ വകുപ്പ് പുനഃസ്ഥാപിക്കണം എന്നാവശ്യപ്പെട്ട് പ്രമേയം പാസ്സാക്കിയിരുന്നു. ഇത് പുനഃസ്ഥാപിക്കാനായി സംസ്ഥാന സർക്കാറിനെ നിർബന്ധിക്കാൻ ജനകീയ പ്രക്ഷോഭം ശക്തിപ്പെടുത്തണം. മലപ്പുറം ജില്ലയിൽ ഇതിനുവേണ്ടിയുള്ള സമരം അഞ്ചു മാസം പിന്നിട്ടു. ജമാഅത്തെ ഇസ്‌ലാമി ഇതിന് ആവേശകരമായ പിന്തുണയാണ് നൽകുന്നത്.

### *കണക്കുകളെന്തു പറയുന്നു?*

ഒരു ദിവസം 10 കോടി രൂപയുടെ കുടി നടക്കുന്നു. വ്യാജൻ ഇതിന്റെ മൂന്നിരട്ടിയാണ്. ഇതു കൂടാതെ അരിഷ്ടത്തിന്റെ രൂപത്തിലും അച്ചാറിന്റെയും മിഠായിയുടെയും രൂപത്തിലും ലഹരി വരുന്നുണ്ട്. വില്ലവാരിഷ്ടം, ഉശിരാരിഷ്ടം എന്ന പേരിലും വിറ്റഴിയുന്നത് മദ്യംതന്നെയാണ്. കുടിയുടെ തോത് കഴിഞ്ഞ വർഷത്തേക്കാൾ 22 ശതമാനം കൂടി. തൃശൂർ പൂരത്തിന് 10 കോടിയുടെ വിദേശമദ്യം ഇവിടെ വിറ്റെന്ന് ബീവറേജ് കോർപ്പറേഷന്റെ കണക്ക്. തൃശൂർ ജില്ലയിലെ ചാലക്കുടിയിലാണ് ഏറ്റവും വലിയ കുടിയുടെ കണക്ക്. 2006ൽ 2000 കോടിയുടെ മദ്യം കുടിച്ചു. 2007ൽ 2300 കോടിയും. ക്രിസ്മസ്-നവവത്സരത്തിന് കുടിച്ചത് 250 കോടിയാണ്. ഇത്രയധികം കോടിയുടെ മദ്യം കുടിച്ച് മൂത്രം ഒഴിച്ചു നടക്കുകയാണ് മലയാളി. സ്വന്തം കുഞ്ഞിനെ മദ്യലഹരിയിൽ കിണറ്റിലെറിഞ്ഞു കൊല്ലാനും രണ്ടു വയസ്സുകാരിയെ മാനഭംഗപ്പെടുത്താനും അച്ഛനെയും അമ്മയെയും കുത്തിക്കീറിക്കൊല്ലാനും ഭാര്യയെയും പെങ്ങളെയും കഴുത്തറുക്കാനും അതവനെ പ്രേരിപ്പിച്ചതിന്റെ എത്രയോ സംഭവങ്ങളുണ്ടായി. ഒരു ജനത ലഹരി മൂലം നശിച്ച് തീരുന്നതിന് മുമ്പ് മനുഷ്യ സ്നേഹികൾ രംഗത്തു വരണം. മദ്യത്തിനെതിരെയുള്ള മുന്നേറ്റത്തിൽ നാം കണ്ണികളായേ മതിയാകൂ. ■